## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1085 20-03-2012-ൽ മറുപടിയ്ക്ക്

## ചവറ ഐ.ആർ. ഇ. ക്കുവേണ്ടി ഭൂമി പാട്ടത്തിന് നൽകിയ വസ്തുവുടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ ) ചവറ ഐ.ആർ. ഇ. ക്കുവേണ്ടി കരിമണൽ ഖനനത്തിനായി ഭൂമി പാട്ടത്തിന് നൽകിയ വസ്തുവുടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എടുത്ത നടപടികൾ എന്താണ് ; | (എ) ചവറ ഐ.ആർ. ഇ. യ്ക്ക് ധാതുമണൽ ഖനനത്തിനായി കരുനാഗപ്പള്ളി താലൂക്കിലെ അയണിവേലിക്കുളങ്ങര, ആലപ്പാട്, പന്മന എന്നീ വില്ലേജുകളിലെ ഭൂമി ഉൾപ്പെടുത്തി മൈനിംഗ് ലീസ് ആധാരം രജിസ്റ്റർ ചെയ്യതുമായി ബന്ധപ്പെട്ട് ഭൂ ഉടമകൾക്കുണ്ടായ വിഷമതകൾ പരിഹരിക്കുന്നതിനായി 06.12.2011-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര സഹമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ, വ്യവസായ വകുപ്പുമന്ത്രി, തൊഴിൽവകുപ്പു മന്ത്രി, മറ്റ് ജനപ്രതിനിധികൾ, ഐ.ആർ.ഇ. മാനേജ്മെന്റ് , തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ഐ.ആർ.ഇ. യ്ക്ക് ഖനനത്തിന് ഭൂമി പാട്ടത്തിന് നൽകിയവർക്ക്, സ്ഥലത്തിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും ക്രയ വിക്രയാവകാശവും ഉറപ്പാക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് വ്യവസായ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഐ.ആർ.ഇ. യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 18.2.2012-ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഖനനപാട്ടം രജിസ്റ്റർ ചെയ്ത ഭൂമിയുടെ പൂർണ്ണ ഉടമസ്ഥാവകാശവും ക്രയവിക്രയാവകാശവും ഭൂമി വിട്ടുനൽകിയവരിൽ നിക്ഷിപ്തമാക്കിയും പ്രസ്തുത ഭൂമി പണയമായി സ്വീകരിച്ചുകൊണ്ട് ധനകാര്യ സ്ഥാപനങ്ങൾ സ്ഥലം ഉടമകൾക്ക് വായ്പ അനുവദിക്കുന്നതിന് "ഖനന പാട്ട |

| | |
|---|---|
| | ച്ചാർത്ത്'' തടസ്സമില്ലെന്നും കാണിച്ച് 27.02.2012-ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 356/2012/വ്യവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ബാധ്യതാ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ ക്രയവിക്രയം തടയുന്ന രീതിയിലുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് ഏത് കേന്ദ്രത്തിൽ നിന്നാണെന്നും, അതിന് പിന്നിൽ ആരുടെയെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്നും അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ; | (ബി) കേരള സർക്കാർ (വ്യവസായ) വകുപ്പ് പുറപ്പെടുവിച്ച 08.06.2007-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 746/07/ഐ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറും ചവറ ഐ.ആർ.ഇ. കമ്പനി മേധാവിയും ചേർന്ന് കരുനാഗപ്പള്ളി സബ്ബ് രജിസ്ട്രാർ ഓഫീസിൽ 10.08.2011-ന് 2267/2011/-ാം നമ്പരായി രജിസ്റ്റർ ചെയ്ത മൈനിംഗ് ലീസ് ആധാര പ്രകാരമാണ് പ്രസ്തുത മൈനിംഗ് ലീസിൽ ഉൾപ്പെട്ട ഭൂമിക്ക് കരുനാഗപ്പള്ളി സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്നും അനുവദിച്ചു നൽകുന്ന ബാധ്യതാ സർട്ടിഫിക്കറ്റിൽ ''ഖനന പാട്ടച്ചാർത്ത്'' എന്ന പരാമർശം ഉൾപ്പെടാൻ കാരണം |
| (സി) ഈ രേഖപ്പെടുത്തലുകൾ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | സി) പ്രസ്തുത മൈനിംഗ് ലീസ് ആധാരത്തിൽ ഉൾപ്പെട്ട ഭൂമിയുടെ ബാധ്യതാ സർട്ടിഫിക്കറ്റിലെ ''ഖനന പാട്ടച്ചാർത്ത്'' എന്ന പരാമർശം ഭൂമിയിന്മേലുള്ള ബാധ്യതയല്ലെന്നും പ്രസ്തുത ഭൂമിയുടെ പൂർണ്ണ ഉടമസ്ഥാവകാശവും ക്രയവിക്രയാവകാശവും ഭൂമി വിട്ടു നൽകിയവർക്കാണെന്നും കൂടാതെ പ്രസ്തുത ഖനന പാട്ടക്കരാർ അനുസരിച്ച് വിട്ടുകൊടുത്ത ഭൂമിയും വീടും പണയമായി സ്വീകരിച്ചുകൊണ്ട് ധനകാര്യ സ്ഥാപനങ്ങൾ സ്ഥലം ഉടമകൾക്ക് വായ്പ അനുവദിക്കുന്നതിനോ വീടും സ്ഥലവും ക്രയവിക്രയം ചെയ്യുന്നതിനോ പ്രസ്തുത കരാർ തടസ്സമില്ലെന്നും വ്യക്തമാക്കി 27.02.2012-ന് വ്യവസായ (ജെ) വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) നം. 356/2012/വ്യവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ